പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

27/06/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4890

സ്ത്രീസുരക്ഷാ ബീമായോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എം. പി. വിൻസെന്റ് : | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |

(എ) സ്ത്രീസുരക്ഷാ ബീമാ- യോജന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുടുംബശ്രീ അയൽകൂട്ടങ്ങളിലെ അംഗങ്ങൾക്ക് എന്തെല്ലാം പരിരക്ഷയാണ് സ്ത്രീസുരക്ഷാ ബീമാ യോജന പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(എ) & (ബി) ഉണ്ട്. കുടുംബശ്രീയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി അയൽക്കൂട്ടാംഗങ്ങൾക്ക്വേണ്ടി നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയായ കുടുംബശ്രീ - സ്ത്രീ സുരക്ഷാ ബീമായോജനയിലൂടെ അയൽക്കൂട്ടാംഗങ്ങളായ വനിതകളുടെ ജീവന് പരിരക്ഷ നൽകുകയും അവരുടെ 9 മുതൽ 12വരെ ക്ലാസ്സുകളിൽ പഠിക്കുന്ന രണ്ടു കുട്ടികൾക്ക് പ്രതിവർഷം സ്കോളർഷിപ്പ്ലഭ്യമാക്കുകയും ചെയ്യുന്നു. 18 മുതൽ 75 വയസ്സുവരെയുള്ള കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. പദ്ധതിയിൽ ചേരുന്നതിനുള്ള വാർഷിക പ്രീമിയമായ 250 രൂപയിൽ 100/- രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്. ആയതിനാൽ അംഗങ്ങൾ വാർഷിക പ്രീമിയമായി 150 രൂപ മാത്രം അടച്ചാൽ മതി. (ഓരോ വർഷവും 150/- രൂപ വീതം അടച്ച് പദ്ധതിയിലെ അംഗത്വം പുതുക്കാവുന്നതാണ്.)

പദ്ധതി പ്രകാരം ലഭിക്കുന്ന നേട്ടങ്ങൾ:

| വയസ്സ് / നേട്ടങ്ങൾ | 18 മുതൽ 59 വരെ | 60 മുതൽ 65 വരെ | 66 മുതൽ 70 വരെ | 71 മുതൽ 75 വരെ |
|---|---|---|---|---|
| സ്വാഭാവിക മരണം | 50,000 | 9,000 | 6,000 | 4,000 |
| അപകട മരണം | 95,000 | - | - | - |
| സ്ഥിരമായ അംഗ വൈകല്യം | 75,000 | - | - | - |
| ഭാഗീകമായ അംഗ വൈകല്യം | 37,500 | - | - | - |

പദ്ധതിയിൽ ചേരുന്ന 60 മുതൽ 75 വയസ്സു വരെ പ്രായമുള്ള അയൽക്കൂട്ടാംഗങ്ങൾക്ക് മരണം സംഭവിച്ചാൽ സാമ്പത്തിക സഹായം കുടുംബത്തിനു ലഭ്യമാക്കുന്നു.

പദ്ധതിയിൽ അംഗങ്ങളാകുന്ന 18 മുതൽ 59 വയസ്സുവരെയുള്ള അയൽക്കൂട്ടാംഗങ്ങളുടെ 9 മുതൽ 12 ക്ലാസുവരെ (ഐറ്റിഐ ഉൾപ്പെടെ) പഠിക്കുന്ന 2 കുട്ടികൾക്ക് പ്രതിവർഷം 1,200/- രൂപ വീതം സ്കോളർഷിപ്പ് ലഭിക്കുന്നു. ഓരോ വർഷവും ജൂലൈ - ജനുവരി മാസങ്ങളിൽ 600 രൂപ വീതം രണ്ട് അർദ്ധവാർഷിക ഗഡുക്കളായിട്ടാണ് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നത്.

| | | | |
|---|---|---|---|
| (സി) | ആരെല്ലാമാണ് പദ്ധതിയുമായി സാമ്പത്തികമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്നാണ് കുടുംബശ്രീ പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുക്കുകയും ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ മുതലായ പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. |

സെക്ഷൻ ഓഫീസർ